ശ്രീ. പി. ആർ. ഫ്രാൻസിസ് : ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ സമരം എന്ത് ഉറപ്പിലാണ് പിൻവലിച്ചതെന്ന് പറയാമോ ? ഒരു ഉറപ്പും കൊടുത്തില്ലെന്ന് മന്ത്രി പറഞ്ഞു.

ശ്രീ. കെ. ടി. അച്യുതൻ : യൂണിയനുമായി രണ്ടുപ്രാവശ്യം ചർച്ചകൾ നടത്തി ചില തീരുമാനങ്ങൾ എടുത്തു. അവസാനതീരുമാനം ആയില്ലെന്നേ പറഞ്ഞുള്ളൂ. ആ ചർച്ചകൾക്കുശേഷമാണ് ഈ തീരുമാനം ഉണ്ടായത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇവരിൽ കുറേപ്പേരെ സ്ഥിരപ്പെടുത്താമെന്ന് പറഞ്ഞു. മുന്നൂറ്റൊമ്പതു സപ്ലിമെന്റുള്ളവരെയെല്ലാം സ്ഥിരപ്പെടുത്തുന്നതിൽ എന്താണ് തടസ്സം ? ദിവസക്കൂലിക്കാരെ സമയത്തു ലഭിക്കാത്തതുകൊണ്ട് ചിലപ്പോൾ വണ്ടിതന്നെ സമയത്തു് ഓടിക്കാൻ കഴിയാതെവരുന്നുണ്ട്.

ശ്രീ. കെ. ടി. അച്യുതൻ : സ്ഥിരമായ തസ്തികകൾ ഇല്ല. പത്തോ പന്ത്രണ്ടോ ദിവസത്തെ ആവശ്യത്തിനു് 30 ദിവസം കണക്കാക്കി നിയമിക്കാൻ നിവൃത്തിയില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി പോകാതെ ഇവർക്ക് സമ്മതമുണ്ടെങ്കിൽ വരാമെന്നുപറഞ്ഞു. അങ്ങനെ സമ്മതമുള്ളവർ വരുകയാണ്.

രാത്രി ഡ്യൂട്ടിക്കാരായ ട്രാൻസ്പോർട്ട് തൊഴിലാളികൾക്കു ഉറങ്ങാനുള്ള കെട്ടിടം

* 759. [3] ശ്രീ. ആർ. സുഗതൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ ട്രാൻസ്പോർട്ടുവകുപ്പുവക ഡിസ്ട്രിക്റ്റാഫീസുകളിൽ രാത്രിയിലെ ഡ്യൂട്ടിക്കാരായ ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും ഉറങ്ങാനുള്ള സ്ഥലംഇല്ലെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) സ്വന്തം വസ്ത്രം സൂക്ഷിക്കുന്ന വീഞ്ഞപ്പെട്ടികളുടെ പുറത്തു് ഡ്യൂട്ടിസമയമാകുംവരെ കത്തിയിരുന്ന ഉറങ്ങുവാനും ഇവർക്ക് സാധിക്കുന്നുള്ളൂ എന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) രാത്രിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കു വിശ്രമിക്കുന്നതിനായി എല്ലാ ഡിസ്ട്രിക്റ്റ് ആഫീസുകളോടും അനുബന്ധിച്ചു് മുറികൾ സൗകര്യപ്പെടുത്തിക്കൊടുത്തിട്ടുണ്ട്.

(ബി) ഇല്ല.

ശ്രീ. ആർ. സുഗതൻ : കൊല്ലത്തു് അങ്ങനെയുള്ള മുറികൾ ഇല്ല. തൃശ്ശൂർ 7 പേർക്ക് പാർക്കാവുന്ന മുറികൾ ഉണ്ട്. ആലപ്പുഴ 5 പേർക്ക് പാർക്കാൻ സൗകര്യമുണ്ട്. കോഴിക്കോട് ഒന്നാംതരം തടിയൻ കൊത്തുകൾക്കൊപ്പം 12 പേർക്ക് താമസിക്കാൻ സ്ഥലമുണ്ട്. ബാക്കിയുള്ളിടത്തൊന്നും സ്ഥലമില്ലെന്നുള്ളതു് അറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : തിരുവനന്തപുരത്തുതന്നെ സെൻട്രലിൽ 3 മുറികൾ ഉണ്ട്. സിറ്റിയിൽ രണ്ടു മുറിയുണ്ട്. മറ്റു ഡിസ്ട്രിക്ട് കളിലെല്ലാം ഓരോ മുറിയുണ്ട്. ഇങ്ങനെ രാത്രിയിൽ ജോലി ചെയ്യേണ്ടിവരുന്നവർക്ക് വിശ്രമിക്കാനാണ് സൗകര്യപ്പെടുത്തിയിട്ടുള്ളതു്. ചിലപ്പോൾ പെട്ടെന്നു മാറിച്ചെല്ലുന്നവർക്ക് അതു സൗകര്യം കിട്ടിയില്ലെന്നുവരാം. ഓരോരുത്തർക്കും ശബ്ദപൂർത്തിവരുത്തുകൂടാതെ സ്ഥലം കൊടുക്കാൻ ഇപ്പോൾ സൗകര്യമില്ല.

ശ്രീ. ആർ. സുഗതൻ : പെട്ടിപ്പുറത്തു കൊത്തുകളുടെ ഉപദ്രവമേറ്റു് കഴിയുന്നവർക്ക് ഉറങ്ങാൻ സ്ഥലംകൊടുക്കണമെന്നല്ലാതെ ഓരോരുത്തർക്കും സൗകര്യമായി പ്രത്യേകം സ്ഥലം കൊടുക്കണമെന്നു ഞാൻ പറഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : കൊതുകുകളെ സംബന്ധിച്ചിടത്തോളം നിവൃത്തിയുള്ളിടത്തോളം ഓടിക്കാൻ ശ്രമിക്കുന്നുണ്ട്. പൊതുജനാരോഗ്യവകുപ്പ് അക്കാര്യം നോക്കുന്നുണ്ട്. ഇപ്പോഴും അവർ വളരെ സൗഹാർദ്ദമായി അവിടെ കഴിഞ്ഞുകൂടുന്നുണ്ട്.

ശ്രീ. കെ. ഹസ്സൻ ഗനി : മൂന്നോനാലോപേക്കെങ്കിലും ശരിയായി കിടക്കാനുള്ള സ്ഥലമില്ലെന്നുള്ളതു് ഒരു വസ്തുതയാണു്. ഇതുകൂടാതെ, പണവും അവർ രാത്രി സൂക്ഷിക്കണമെന്നുള്ള ഏർപ്പാടാണുള്ളതു്. പണം പലപ്പോഴും മോഷണം പോയതായി പരാതിയുണ്ടു്. അതുകൊണ്ടു് ഈ പണം ആഫീസുകളിൽ വാങ്ങുന്നതിനു് ഏർപ്പാടുചെയ്യുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതിനുള്ള ഏർപ്പാടുണ്ടെന്നാണു് എന്റെ ഓർമ്മ. പണം ആഫീസിൽ വാങ്ങിക്കണമെന്നും, പിന്നെ അടുത്ത ട്രിപ്പിൽ പോകുമ്പോഴോ മടക്കിക്കൊടുക്കണമെന്നുമാണുള്ളതു്. അങ്ങനെ ഇല്ലെങ്കിൽ അതു പരിശോധിക്കാം.

കൃഷിക്കു ലോൺ കൊടുക്കുന്നതിനുള്ള നടപടി.

* 760. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്കു് കൃഷിക്കു ലോൺ കൊടുക്കുന്നതിനു് എന്തെങ്കിലും നടപടി ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 1960 മുതൽ 1963 ഡിസംബർ 31-ാം തീയതിവരെ പട്ടികജാതിക്കാരിൽ ആർക്കെങ്കിലും കൃഷിക്കു കടം കൊടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആർക്കെല്ലാം ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) കൃഷിക്കു ലോൺ കൊടുക്കുന്നതിനു പട്ടികജാതിക്കാർക്കു മാത്രമുള്ള ഒരു പദ്ധതിയും നിലവിലില്ല. എന്നാൽ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റു വഴി കൃഷിയാവശ്യത്തിനു ലോൺ നൽകുന്ന പദ്ധതിയിൽനിന്നു ഇവർക്കു് വായ്പ ലഭിക്കുന്നതാണു്.

(ബി,സി) വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. പി. സി. ആദിച്ചൻ : 1960-ൽ ഇവിടെ ഇലക്ഷൻ നടക്കുന്നതിനു മുമ്പു് പത്രങ്ങളിൽ പട്ടികജാതിക്കാർക്കു കൃഷിക്കു് ലോൺ കൊടുക്കുമെന്നുള്ള വാർത്തവന്നതു് പട്ടികജാതിക്കാരെ കബളിപ്പിക്കാനല്ലായിരുന്നോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. പട്ടികജാതിക്കാർക്കു ലോൺ കൊടുക്കുന്നതിനു് വ്യവസ്ഥകളിൽ ചില ഇളവു ചെയ്തിട്ടുണ്ടു്.

ലോറി, കാർ, ജീപ്പു്, ബസ്സു് എന്നിവകളുടെ എണ്ണം.

* 761. [5] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും, തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു രജിസ്റ്റർ ചെയ്തു ഓടിക്കൊണ്ടിരിക്കുന്ന ലോറികളും, കാറുകളും, ജീപ്പുകളും, ബസ്സുകളും എന്നിവയുടെ 1963 ഡിസംബർവരെയുള്ള എണ്ണം എത്ര ;

(ബി) ടാക്സു്, ഇൻഷ്വറൻസു് എന്നീ ഇനങ്ങളിലായി ഈ വാഹനങ്ങളിൽനിന്നും ആണ്ടിനാൽ എത്ര തുക വരുമാനമുണ്ടു് ;

(സി) മോട്ടോർവാഹനങ്ങളുടെ പരിശോധന പോലീസിനെ ഏല്പിക്കാതെ, ട്രാഫിക് ഉദ്യോഗസ്ഥന്മാരുടെ ചുമതലയിലാക്കുവാൻ വേണ്ട നടപടികളും കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly